സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - TDB Temple Renovation Fund ശേഖരണം - ജീവനക്കാർ സംഭാവന നൽകുന്ന സംഗതി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 430/15/Est-I** നന്തൻകോട്, 11 /10/2018

---

പരാമർശം :- 1) 18-09-2018 ലെ മേൽ നമ്പർ ബോർഡുത്തരവ്.

2) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 08-10-2018 ലെ DA 619/18/DPF നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലുള്ള വിവിധ ക്ഷേത്രങ്ങളിലും പമ്പയിലും പ്രളയംമൂലം ഉണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി ഒരു മാസത്തെ ശമ്പളത്തിന് തുല്യമായ തുകയെങ്കിലും പുനരുദ്ധാരണ ഫണ്ടിലേക്ക് ജീവനക്കാർ സ്വമേധയാ സംഭാവന ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് (പരാമർശം 1) ഉത്തരവായി.

പ്രസ്തുത ഉത്തരവിൽ ഖണ്ഡിക (3) e) യിൽ ജീവനക്കാർക്ക് തങ്ങളുടെ പ്രോവിഡന്റ്ഫണ്ടിൽനിന്നും സെപ്റ്റംബർ മാസത്തെ ശമ്പളത്തിന് തുല്യമായ തുക Temple Renovation Fund ലേക്ക് സംഭാവന നൽകാവുന്നതാണെന്നും അതിനുള്ള അപേക്ഷ ജീവനക്കാർ അടിയന്തിരമായി സമർപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ Temple Renovation Fund ൽ സംഭാവന നൽകുന്നതിനായി തങ്ങളുടെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിൽ നിന്നും തിരിച്ചടവ് വേണ്ടാത്ത പിൻവലിക്കലിന് ജീവനക്കാരിൽ നിന്നും അപേക്ഷ ലഭിച്ചുവരുന്നതായും ജനറൽ പ്രോവിഡന്റ് ഫണ്ട് (കേരള) റൂൾസ്, 2011 അനുസരിച്ചുള്ള നടപടിക്രമങ്ങളാണ് ദേവസ്വം പ്രോവിഡന്റ് ഫണ്ടിന് സ്വീകരിച്ചിട്ടുള്ളതെന്നും പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം ചട്ടം 21 ൽ പറഞ്ഞിട്ടുള്ള ആവശ്യങ്ങൾക്കായി പത്തു വർഷത്തെ സർവ്വീസുള്ള ജീവനക്കാർക്ക് മാത്രമാണ് തിരിച്ചടവ് വേണ്ടാത്ത പിൻവലിക്കലിന് അനുവദിച്ചിട്ടുള്ളതെന്നും ആകയാൽ Temple Renovation Fund ലേക്ക് സംഭാവന നൽകുന്ന ആവശ്യത്തിലേക്ക് അവരവരുടെ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയിൽ നിന്നും സർവ്വീസ് ദൈർഘ്യം പരിഗണിക്കാതെ തിരിച്ചടവ് വേണ്ടാത്ത പിൻവലിക്കലിന് അനുമതി നൽകുന്നത് സംബന്ധിച്ച് ഉത്തരവുണ്ടാകണമെന്നും വിവരിച്ചുള്ള ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിപ്പോർട്ട് ലഭിച്ചു (പരാമർശം -2).

ടി വിഷയം ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തു.

(മറുപുറം)

TDB Temple Renovation Fund ലേക്ക് സംഭാവന നൽകുന്ന ആവശ്യത്തിലേക്ക് ജീവനക്കാർക്ക് അവരവരുടെ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയിൽ നിന്നും സർവ്വീസ് ദൈർഘ്യം പരിഗണിക്കാതെ തിരിച്ചടവ് വേണ്ടാത്ത പിൻവലിക്കലിന് അനുമതി നൽകി ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്
3. ഇ.ഡി.പി. സെക്ഷൻ
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK